## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **11-10-2024 - ൽ മറുപടിയ്ക്ക്**

## റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സേവനം ലക്ഷ്യമിടുന്ന റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സംവിധാനം ഉറപ്പുവരുത്തുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് റൂട്ട് ഫോർമുലേഷൻ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയോജക മണ്ഡലാടിസ്ഥനത്തിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെ ജനകീയ സദസ്സുകൾ സംഘടിപ്പിക്കുകയും ഇത്തരം ജനകീയ സദസ്സുകളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പൊതുഗതാഗതം അനിവാര്യമായ റൂട്ടുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുകയും ടി റൂട്ടുകളിൽ സ്റ്റേജ് കാര്യേജ് ബസുകളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ നിയോജക മണ്ഡലങ്ങളിലും എം.എൽ.എമാരുടെ അദ്ധ്യക്ഷതയിൽ ജനകീയ സദസ്സ് സംഘടിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. ആയതുപ്രകാരം വിവിധ ജില്ലകളിൽ നടത്തിയ 115 ജനകീയ സദസ് പരിപാടികളിൽ നിന്നായി 2204 റൂട്ട് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ജനകീയ സദസിലൂടെ ലഭിച്ച അപേക്ഷകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള എണ്ണം അനുബന്ധമായി (I) ചേർക്കുന്നു. 16 നിയോജക മണ്ഡലങ്ങളിൽ ജനകീയ സദസ് നടത്തിയിട്ടില്ല. ടി മണ്ഡലങ്ങളിൽ ജനകീയ സദസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായും മറ്റ് ബന്ധപ്പെട്ട ആളുകളുമായും ചർച്ച നടന്നുവരുന്നു. ടി മണ്ഡലങ്ങളുടെ വിവരം അനുബന്ധമായി (II) ചേർക്കുന്നു. ജനകീയ സദസ്സ് മുഖേന ലഭിച്ച പ്രൊപ്പൊസലുകൾ വിശദമായി പഠിച്ച് നിശ്ചിത മാതൃകയിൽ ROUTE ENQUIRY REPORT FOR |

| | | | |
|---|---|---|---|
| | | | A FRESH STAGE CARRIAGE തയ്യാറാക്കി സമർപ്പിക്കുന്നതിന് എല്ലാ ആർ.ടി.ഒ. മാർക്കും ജോയിന്റ് ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം റൂട്ട് എൻക്വയറി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. |
| (ബി) | 16-08-2024-ന് പാനൂരിൽ വെച്ച് നടന്ന കൂത്തുപറമ്പ് നിയോജക മണ്ഡലം ജനകീയ സദസ്സിൽ ലഭിച്ച നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ; | (ബി) | കൂത്തുപറമ്പ്, നിയോജക മണ്ഡലത്തിലെ ഗ്രാമീണ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ബസ് സർവീസ് നടത്തുന്നതിനു വേണ്ടി 48 പുതിയ റൂട്ടുകൾ രൂപീകരിക്കുന്നതിന് വേണ്ടി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. റൂട്ട് ഫോർമേഷനു വേണ്ടിയുള്ള അന്വേഷണവും റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) | പ്രസ്തുത ജനകീയ സദസ്സിൽ നിരവധി പ്രധാനപ്പെട്ട ബസ്സ് റൂട്ട് നിർദേശങ്ങൾ ലഭിച്ചതും സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനകീയ സദസ്സ് മുഖേന സംസ്ഥാനത്തെ 115 നിയോജക മണ്ഡലങ്ങളിൽ നിന്നായി 2204 ഓളം റൂട്ട് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. മേൽ റൂട്ടുകളിൽ സർവീസ് നടത്തുന്നതിന് ജനകീയ സദസ്സുകളിൽ വച്ച് സ്വകാര്യ ബസ്സ് ഉടമകൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. സാധ്യമായ റൂട്ടുകളിൽ സർവീസ് നടത്തുന്നതിന് കെ എസ് ആർ ടി സി യ്ക്കും മറ്റിടങ്ങളിൽ സ്വകാര്യ ബസുകൾക്കും പെർമിറ്റ് അനുവദിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത ജനകീയ സദസ്സുകളിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധിയായി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർ പങ്കെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി യിൽ നിന്നും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പൊതുവാഹനങ്ങളെ ആശ്രയിക്കുന്നവർ ജനകീയ സദസ്സിനെ ഏറെ പ്രതീക്ഷയോടെ പരിഗണിക്കുകയും, ഗ്രാമീണ റൂട്ടുകളിലടക്കം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്താൻ തയ്യാറാവുകയും ചെയ്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ വേഗത്തിലാക്കി ഗ്രാമീണ റൂട്ടുകളിൽ ബസ് സർവ്വീസുകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ നാളിതുവരെയും പൊതുഗതാഗതം ആരംഭിച്ചിട്ടില്ലാത്ത റോഡുകൾക്ക് പ്രഥമ പരിഗണന നൽകികൊണ്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഘടകങ്ങൾ പരിശോധിക്കുന്നതാണ്.<br><br>1. റോഡിന്റെ നിലവാരവും അടിസ്ഥാന സൗകര്യങ്ങളും.<br><br>2. നിലവിൽ ടി റൂട്ടിലെ വാഹന ലഭ്യത.<br><br>3. വാഹന സർവീസ് ആവശ്യം വരുന്ന സമയം.<br><br>4. മറ്റ് പ്രധാന റൂട്ടുകളുമായുള്ള സംയോജനം.<br><br>5. പ്രവർത്തന കാര്യക്ഷമത.<br><br>6. സാമ്പത്തിക സ്ഥിരത |

| | | | |
|---|---|---|---|
| | | | 7. യാത്രാ സൗകര്യം തടസ്സമില്ലാതെ ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തൽ.<br><br>ഓരോ റൂട്ടുകളും ഓരോ കേസ് സ്റ്റഡികളായി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. നിലവിലെ നിയമ പ്രകാരം പെർമിറ്റ് അനുവദിക്കുവാൻ കഴിയുമോ എന്നതും പെർമിറ്റ് അനുവദിക്കാൻ തടസ്സമായ റൂൾ/സ്കീം ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതാണ്. ഈ റിപ്പോർട്ട് പരിശോധിച്ച് അതാത് ആർ ടി എ യുടെ അനുമതിയോടെ അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**ജനകീയ സദസിലൂടെ ലഭിച്ച അപേക്ഷകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള എണ്ണം**

| **ക്രമ നമ്പർ** | **ജില്ല** | **ലഭിച്ച അപേക്ഷകളുടെ എണ്ണം** |
|---|---|---|
| **1.** | തിരുവനന്തപുരം | 92 |
| 2. | കൊല്ലം | 331 |
| 3. | പത്തനംതിട്ട | 117 |
| 4. | ആലപ്പുഴ | 94 |
| 5. | കോട്ടയം | 334 |
| 6. | ഇടുക്കി | 171 |
| 7. | എറണാകുളം | 112 |
| 8. | തൃശ്ശൂർ | 48 |
| 9. | പാലക്കാട് | 86 |
| 10. | മലപ്പുറം | 95 |
| 11. | കോഴിക്കോട് | 184 |
| 12. | വയനാട് | – |
| 13. | കണ്ണൂർ | 336 |
| 14. | കാസർഗോഡ് | 204 |
| | **ആകെ** | **2204** |

# അനുബന്ധം II

## ജനകീയ സദസ് നടത്താത്ത 16 മണ്ഡലങ്ങൾ

| ക്രമ നമ്പർ | നിയോജക മണ്ഡലം | ജില്ല |
|---|---|---|
| **1.** | ആറൻമുള | പത്തനംതിട്ട |
| 2. | കുട്ടനാട് | ആലപ്പുഴ |
| 3. | ഇടുക്കി | ഇടുക്കി |
| 4. | വൈപ്പിൻ | എറണാകുളം |
| 5. | വടക്കാഞ്ചേരി | തൃശ്ശൂർ |
| 6. | ചേലക്കര | തൃശ്ശൂർ |
| 7. | പാലക്കാട് | പാലക്കാട് |
| 8. | നെന്മാറ | പാലക്കാട് |
| 9. | മലമ്പുഴ | പാലക്കാട് |
| 10. | കൊങ്ങാട് | പാലക്കാട് |
| 11. | വേങ്ങര | മലപ്പുറം |
| 12. | വള്ളിക്കുന്ന് | മലപ്പുറം |
| 13. | തിരൂരങ്ങാടി | മലപ്പുറം |
| 14. | താനൂർ | മലപ്പുറം |
| 15. | കണ്ണൂർ | കണ്ണൂർ |
| 16. | തലശ്ശേരി | കണ്ണൂർ |